HLM-0154

The Heavenly Light Ministry

മൽപ്രിയനെ ! എന്നേശു നായകനെ എപ്പോൾ വരും ?
എൻ കണ്ണീർ തുടച്ചീടുവാൻ അങ്ങയെ ആശ്ലേഷിപ്പാൻ
എന്നേശുവേ വാനമേഘേ വേഗം വന്നീടണേ
മദ്ധ്യാകാശെ സ്വർഗ്ഗീയ ദൂതരുമായ് വന്നീടുമ്പോൾ
എനിക്കായ് മുറിവേററതാം ആ പൊന്മുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ പോൽ വാഞ്ചിക്കുന്നേ
വെണ്മ വസ്ത്രം ധരിച്ചുയർത്ത വിശുദ്ധ സംഘമതിൽ
ചേർന്നു നിൻ സവിധേ വന്നു ഹല്ലേലൂയ്യാ പാടുവാൻ
ബുദ്ധിയുള്ള നിർമ്മല കന്യകേ പോൽ ഒരുങ്ങുന്നെ
സൂര്യ ചന്ദ്ര താരങ്ങളെ കടന്ന് സ്വർഗ്ഗ നാട്ടിൽ
ആ പളുങ്കു നദി തീരെ ജീവ വൃക്ഷത്തിൻ തണലിൽ
എൻ സ്വർഗ്ഗ വീട്ടിൽ എത്തുവാൻ കൊതിച്ചിടുന്നേ എൻ മണാളാ !